# MAR IVANIOS COLLEGE (AUTONOMOUS)
# THIRUVANANTHAPURAM

**Reg. No. :…………………** **Name :………………….**

**First Semester Career Related B.A. / B.Sc. Degree Examination, November 2014**

**First Degree Programme under CBCSS**

**Additional Language: Malayalam – I**

**AUML111.4: Gadyasahithyam**

Time: **3** Hours Max. Marks: **80**

## SECTION – A

*എല്ലാ ചോദ്യത്തിനും ഒരു വാക്കിലോ രണ്ടു വാക്യത്തിൽ കവിയാതെയോ ഉത്തരമെഴുതുക.*

1. ‘‘ജീവിതത്തിൽനിന്ന് ചീന്തിയെടുത്ത ഒരേടാണ്. വക്കിൽ രക്തം പൊടിഞ്ഞിരിക്കുന്നു’’ എന്ന് ‘ബാല്യകാലസഖി’യെപ്പറ്റി എഴുതിയ നിരൂപകൻ ?
2. ‘‘ആ രാത്രി അത്രമാത്രം ക്രൂരമായിരുന്നു. ഉറങ്ങാതെതന്നെ അവർ രാത്രിയുടെ യാമങ്ങൾ തള്ളിനീക്കി’’ – ഏതു രാത്രി ?
3. ആരുടെ ആത്മകഥയാണ് ‘ദക്ഷിണായനം’ ?
4. ‘‘വീടാത്ത കടങ്ങൾ പടച്ചവന്റെ സൂക്ഷിപ്പുകളാണ്. അത് അങ്ങനെ തന്നെയിരിക്കട്ടെ’’ – ആരുടെ വാക്കുകൾ ?
5. ശരിയായ പദങ്ങൾ തിരഞ്ഞെടുക്കുക.
   പീഡനം – പീഢനം, ഐച്ഛികം – ഐശ്ചികം.
6. താഴെക്കൊടുത്തിരിക്കുന്ന വാക്യത്തിലെ തെറ്റുതിരുത്തുക.
   കേവലം അറുപതുരൂപ മാത്രമാണ് രവി പ്രതിഫലം പറ്റിയത്.
7. ‘‘അങ്ങനെ ആശയങ്ങൾകൊണ്ട് നാടുഭരിക്കാമെന്ന് അദ്ദേഹം വ്യക്തമാക്കി’’– ആര് ?
8. ‘ഗോളാന്തരങ്ങളെ തമ്മിലിണക്കുന്ന മഹാമാന്ത്രികാലയം’ എന്ന് എന്തിനെയാണ് വിവരിക്കുന്നത് ?
9. കെ.ജി. ജോർജ് സംവിധാനംചെയ്ത ആദ്യസിനിമ ?
10. ‘മലയാളത്തിലെ ഇബ്സൻ’ എന്നു വിശേഷിപ്പിക്കുന്ന നാടകകൃത്ത് ?

**(10 x 1 = 10 Marks)**

P.T.O.

## SECTION – B

*ഒരു ഖണ്ഡികയിൽ കവിയാതെ ഏതെങ്കിലും **എട്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.*

11. എന്താണു മാധ്യമസമന്വയം ?
12. “ഇന്റർനെറ്റിന്റെ വലിയ പ്രത്യേകത അതിന്റെ പങ്കാളിത്ത സ്വഭാവമാണ്” – വിശദീകരിക്കുക.
13. “നാടകത്തിൽ ഓരോകലാകാരനും സ്വന്തംകരുക്കളുടെ വ്യാപാരത്തിന് ഔചിത്യ പൂർവം കടിഞ്ഞാണിടുകയാണു വേണ്ടത്” – എങ്ങനെ ?
14. “താൻ വാർദ്ധക്യത്തെ പ്രാപിച്ചപ്പോഴും വൃദ്ധമനസ്സിനെ അദ്ദേഹം അംഗീകരിച്ചില്ല” – കേസരിയെക്കുറിച്ചുള്ള ഈ നിരീക്ഷണം വിശദീകരിക്കുക.
15. “തീ കെട്ട ഒരൗപാസനകുണ്ഡംപോലെ അവരങ്ങനെ നിലകൊള്ളുകയായിരുന്നു”– ആരെക്കുറിച്ചാണ് ഈ പരാമർശം ?
16. “ആ സമയം തെക്കേപ്ലാവിന്റെ ചുവട്ടിൽ കണ്ണുതുടച്ചുകൊണ്ട് ഒരു മനുഷ്യൻ നില്ക്കുന്നുണ്ടായിരുന്നു. ആരോടും ഒന്നും പറയാനില്ലാത്ത ഒരു മനുഷ്യൻ” – സന്ദർഭം വ്യക്തമാക്കുക.
17. “അത്യാവശ്യം വേണ്ടാത്തതൊക്കെ അപ്പപ്പോഴേ ഒഴിവാക്കുകയെന്നതാണല്ലോ ഇവിടുത്തെ സമ്പ്രദായം” – സൂചിതമെന്ത് ?
18. “സത്യം സ്വത്തിനേക്കാൾ വിലപിടിച്ച മൂലധനമാണ്... ജീവിതയാത്രയിൽ ചെക്കു ബുക്കിനേക്കാൾ അതുപകരിക്കും” – വക്താവിന്റെ മനോഭാവം വിശദമാക്കുക.
19. “രണ്ടു വാക്കുകൾ മാത്രം. രണ്ടു വാക്കുകൾക്കിടയ്ക്ക് സാന്ത്വനത്തിന്റെ നിറവ്” – ഈ അനുഭവത്തെ കഥാകാരൻ എങ്ങനെ ആഖ്യാനം ചെയ്തിരിക്കുന്നു ?
20. “പഴമ പറയുമ്പോഴാണു തകഴിയുടെ തനിമ തെളിയുന്നത്” – പരിശോധിക്കുക.
21. “ഇത്തിരി നേർത്തെ നോക്കിയിരുന്നെങ്കിൽ ഇങ്ങനെ പെടയണോ” – ഈ പരാമർശ ത്തിന് സന്ദർഭത്തിലും കവിഞ്ഞ പ്രാധാന്യം കഥയിൽ കൈവരുന്നുണ്ടോ ?
22. മലയാളത്തിലേക്ക് വിവർത്തനം ചെയ്യുക.

    I was convicted of lying ! That deeply pained me. How was I prove my innocence ? There was no way. I cried in deep anguish. I saw that a man of truth must also be a man of care. This was the first and last instance of my carelessness in school. I have a faint recollection that I finally succeeded in getting the fine remitted. The exemption from exercise was of course obtained, as my father wrote himself to the headmaster saying that he wanted me at home after school.

**(8 x 2 = 16 Marks)**

## SECTION – C

***120** വാക്കിൽ കവിയാതെ ഏതെങ്കിലും **ആറു** ചോദ്യത്തിന് ഉത്തരമെഴുതുക.*

23. കാർഷികസംസ്കൃതിയുടെ നനവുറ്റ മൂല്യസങ്കല്പങ്ങളുടെ മനോഹാരിത 'ശബ്ദിക്കുന്ന കലപ്പ' യിൽ ആവിഷ്കരിക്കപ്പെടുന്നു – പരിശോധിക്കുക.
24. "മാധ്യമം പ്രേക്ഷകരെ പരുവപ്പെടുത്തുകയും പ്രേക്ഷകരുടെ താല്പര്യങ്ങൾക്കനുസരിച്ച് മാധ്യമങ്ങൾ സ്വയം പരുവപ്പെടുകയും ചെയ്യുന്നു" – ഈ നിരീക്ഷണം സാധൂകരിക്കാമോ ?
25. "കേസരി അനശ്വരറിബലായ പ്രൊമിത്യൂസിനെ അനുസ്മരിപ്പിക്കുന്നു" – വിശദീകരിക്കുക.
26. നാടകത്തിന്റെ സവിശേഷതകളായി എൻ. കൃഷ്ണപിള്ള അടയാളപ്പെടുത്തുന്നത് എന്തിനെയെല്ലാം ?
27. "ബാല്യകാലസഖിയിലെ വില്ലൻ മജീദിന്റെയും സുഹ്റയുടെയും ബാപ്പാമാരുടെ അസന്തുലിതമായ സാമ്പത്തികാവസ്ഥയാണ്" – ഈ നിരീക്ഷണം പ്രസക്തമോ ?
28. മുത്തപ്ഫനെക്കുറിച്ച് വി.ടി. നടത്തുന്ന വിവരണം അപ്ഫന്മാരുടെ ജീവിതാവസ്ഥയുടെ ദയനീയതയെ സൂചിപ്പിക്കുന്നു – പരിശോധിക്കുക.
29. തലമുറകൾക്കിടയിൽ രൂപംകൊള്ളുന്ന അകലത്തെ 'അടയാളവാക്യങ്ങൾ' ആഖ്യാനം ചെയ്തിരിക്കുന്നത് എങ്ങനെ ?
30. സവിശേഷമായൊരു ആത്മീയാനുഭവമായി 'കടൽത്തീരത്ത്' എന്ന കഥ വികസിക്കുന്നതെങ്ങനെ ?
31. മരുമക്കത്തായ – കൂട്ടുകുടുംബ വ്യവസ്ഥയുടെ ആന്തരദൗർബല്യങ്ങളെ 'കയർ' അടയാളപ്പെടുത്തുന്നുവെന്ന നിരീക്ഷണത്തോടു പ്രതികരിക്കുക.

**(6 x 4 = 24 Marks)**

## SECTION – D

***നാലു പുറത്തിൽ** കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.*

32. "പ്രണയം കൊടിയവേനലിലും ഉണങ്ങാത്ത ഒരു ചെമ്പരത്തിയായി 'ബാല്യകാലസഖി'യിൽ പൂത്തു നില്ക്കുന്നു" എന്ന നിരീക്ഷണത്തെ വിമർശനാത്മകമായി വിലയിരുത്തുക.
33. കേരളത്തിൽ സിനിമ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ചുള്ള കെ.ജി. ജോർജിന്റെ നിരീക്ഷണങ്ങൾ പ്രശ്നത്തിന്റെ കാതലിലേക്കു കടക്കുന്നുണ്ടോ ? പരിശോധിക്കുക.

34. "സ്ത്രീയെയും പുരുഷനെയും ചേർത്ത് 'മനുഷ്യനെ' നിർമ്മിക്കുക എന്ന പ്രസ്ഥാനത്തിന്റെ ആയുധവും കലയുമായിരുന്നു വി.ടി.യുടെ എഴുത്ത്" – ഈ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ 'കണ്ണീരും കിനാവും' എന്ന കൃതിയെ വിശകലനം ചെയ്യുക.

35. കേരളത്തിലെ രാഷ്ട്രീയമണ്ഡലം അഭിമുഖീകരിക്കുന്ന പ്രധാന വെല്ലുവിളികൾ എന്തെല്ലാം ? അവയെ എങ്ങനെ നേരിടാമെന്നാണ് നിങ്ങൾ കരുതുന്നത് ?

**(2 x 15 = 30 Marks)**

∫*∫*∫*∫*∫*∫*∫*∫*∫*∫*∫*∫*∫*∫*∫*